# നന്ദിയും ക്ഷമയും

ഖുർറം മുറാദ്

عَنْ صُهَيْبٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَجَبًا لِأَمْرِ
الْمُؤْمِنِ إِنَّ أَمْرَهُ كُلَّهُ لَهُ خَيْرٌ وَلَيْسَ ذلِكَ لِأَحَدٍ إِلَّا لِلْمُؤْمِنِ إِنْ أَصَابَتْهُ
سَرَّاءُ شَكَرَ فَكَانَ خَيْرًا لَهُ وَإِنْ أَصَابَتْهُ ضَرَّاءُ صَبَرَ فَكَانَ خَيْرًا لَهُ

**അബൂ യഹ്‌യാ സുഹൈബുബ്നു സിനാനിൽ(റ)നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: റസൂൽ(സ) ഇപ്രകാരം പറയുകയുണ്ടായി: "സത്യവിശ്വാസിയുടെ കാര്യം അത്ഭുതകരം തന്നെ. അവന്റെ എല്ലാ കാര്യങ്ങളും അവനു നന്മയാണ്. സത്യവിശ്വാസിക്കല്ലാതെ ഇങ്ങനെയൊരവസ്ഥയില്ല. അവന് ഒരു സന്തോഷമുണ്ടാകുമ്പോൾ അതിന് നന്ദി ചെയ്യുന്നു. അങ്ങനെ അത് അവന് നന്മയായിത്തീരുന്നു. അവന് വല്ല ആപത്തുമുണ്ടാകുമ്പോൾ ക്ഷമിക്കുന്നു. അങ്ങനെ അതും അവന് നന്മയായിത്തീരുന്നു" (മുസ്‌ലിം)**

**അല്ലാഹുവുമായുള്ള** ബന്ധത്തിന്റെ രണ്ടു വശങ്ങളാണ് നന്ദിയും ക്ഷമയും. ദുൻയാവിലെ ഏത് അവസ്ഥയെടുത്ത് പരിശോധിച്ചാലും അവ ഒന്നുകിൽ നമുക്ക് സുഖവും ആനന്ദവും സ്വസ്ഥതയും നൽകുന്നതോ, അല്ലെങ്കിൽ ക്ലേശവും വേദനയും അസ്വസ്ഥതയും നൽകുന്നതോ ആയിരിക്കും. ഈ രണ്ടവസ്ഥകളും സത്യവിശ്വാസിക്ക് ഗുണകരമാണെന്ന് റസൂൽ(സ) പഠിപ്പിക്കുന്നു. അനുഗ്രഹമായാലും ദുരന്തമായാലും അവ രണ്ടിനോടുമുള്ള സമീപനത്തിലൂടെ വിശ്വാസി ഇഹലോകത്തും പരലോകത്തും കൂടുതൽ നന്മകളും അനുഗ്രഹങ്ങളും പ്രതിഫലവും നേടുന്നു. എല്ലാ സംഗതികളും ആത്യന്തികമായി നന്മയായി മാറുന്നതുകൊണ്ടാണ് വിശ്വാസിയുടെ കാര്യം അത്ഭുതകരമാകുന്നത്. നന്ദിയും ക്ഷമയും മനസ്സിന്റെയും മസ്തിഷ്കത്തിന്റെയും കർമങ്ങളുടെയും രണ്ട് അവസ്ഥയാണ്. ജീവിതത്തിൽ അവ പ്രയോഗിക്കുകയാണെങ്കിൽ പല പ്രയാസങ്ങളും ദുരിതങ്ങളും വേദനകളും നമുക്ക് നിഷ്പ്രയാസം തരണം ചെയ്യാൻ സാധിക്കും.

നമുക്ക് ലഭിക്കുന്നതെല്ലാം അല്ലാഹുവിൽനിന്നാണെന്ന ബോധമാണ് പ്രധാനം. അത് നാവുകൊണ്ട് പ്രകടിപ്പിക്കണം. ലഭിച്ച അനുഗ്രഹങ്ങളെ അല്ലാഹുവിന് പ്രിയങ്കരമായ രീതിയിൽ ഉപയോഗപ്പെടുത്തുകയും വേണം. ഇവ മൂന്നും അടങ്ങിയതാണ് നന്ദി. ദീനിന്റെ അടിസ്ഥാനമാണ് നന്ദി. അതുകൊണ്ടാണ് അല്ലാഹുവിന്റെ മാർഗദർശനം ദൈവസ്തുതി കൊണ്ട് ആരംഭിക്കുന്നത്. *അൽഹംദു ലില്ലാഹ്* എന്ന വചനം മീസാനെ നിറക്കുമെന്നാണ് പറയുന്നത്. അല്ലാഹുവിനോടുള്ള കൃതജ്ഞതാ നിർഭരമായ ഈ ബന്ധം ജീവിതത്തിൽ മുഴുവൻ വേണം. ആലോചിച്ചുനോക്കിയാൽ, ഓരോ വീർപ്പ് പ്രാണവായുവിനും അല്ലാഹുവിനോട് പ്രത്യേകം പ്രത്യേകം നന്ദി പറയാൻ കടപ്പെട്ടവരാണ് നാം. പ്രാണവായുവിന് വിലമതിക്കാൻ നമുക്കാവുമോ? നാമാരും ചോദിക്കാതെ തന്നെ വായുമണ്ഡലം അവൻ ഒരുക്കിത്തന്നിരിക്കുന്നു. ഇങ്ങനെ എത്രയെത്ര അനുഗ്രഹങ്ങൾ!

'അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ എണ്ണാൻ മുതിർന്നാൽ അവ നിങ്ങൾക്ക് എണ്ണിക്കണക്കാക്കാൻ സാധിക്കുകയില്ല' (*ഇബ്റാഹീം* 34). നിരന്തരമായി നാം അനുഭവിച്ചുകൊണ്ടിരിക്കുന്നതിനാലും ചോദിക്കാതെ ലഭിച്ചതിനാലും ധാരാളം അനുഗ്രഹങ്ങളെ കുറിച്ച് നാം ബോധവാന്മാരേ അല്ല. പക്ഷേ, അവയിലേതെങ്കിലുമൊന്നിന് ചെറിയൊരു പോറലേൽക്കുമ്പോഴേക്ക് എല്ലാ സ്വസ്ഥതയും നഷ്ടപ്പെടുന്നു. കണ്ണിന് അല്ലെങ്കിൽ മറ്റേതെങ്കിലും അവയവങ്ങൾക്ക് ചെറിയൊരു വേദന വന്നാൽ തന്നെ മനുഷ്യൻ വെപ്രാളപ്പെടുന്നു. നമുക്ക് നേരത്തിന് ഭക്ഷണം ലഭിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണ്. കിടയറ്റൊരു സംവിധാനം അവൻ അതിനായി ഒരുക്കിവെച്ചിരിക്കുന്നു. ഭക്ഷണം കിട്ടാതിരിക്കുമ്പോൾ മാത്രമാണ് അതിന്റെ വില മനസ്സിലാവുക. പ്രളയവും വരൾച്ചയുമൊക്കെ ഉണ്ടാകുമ്പോഴാണ് പൊതുവെ മനുഷ്യർ ഭക്ഷണത്തിനായി അല്ലാഹു ഒരുക്കിവെച്ച സംവിധാനത്തെക്കുറിച്ച് ഓർക്കാറ്. ചോദിക്കാതെത്തന്നെ നമുക്ക് ലഭിച്ചതും നാം നിരന്തരമായി അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ ഇത്തരത്തിലുള്ള ധാരാളം അനുഗ്രഹങ്ങൾ വേറെയുമുണ്ട്.

മറ്റു ചില അനുഗ്രഹങ്ങൾ കൂടിയുണ്ട്. അല്ലാഹു നമുക്കോരോരുത്തർക്കും പ്രത്യേകമായി നൽകിയവ. ജനനം തൊട്ടിങ്ങോട്ടുള്ള ജീവിതമെടുത്ത് പരിശോധിച്ചുനോക്കിയാൽ അല്ലാഹു തനിക്ക് പ്രത്യേകമായി നൽകിയ എണ്ണമറ്റ അനുഗ്രഹങ്ങൾ ആർക്കും കണ്ടെത്താൻ സാധിക്കും.

സത്യവിശ്വാസിക്ക് ഒരു അനുഗ്രഹം ലഭിക്കുമ്പോൾ അതിൽ നിഗളിക്കുകയോ അഹങ്കരിക്കുകയോ അല്ല; അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുകയാണ് ചെയ്യുക. ഇത് എന്റെ കഴിവും ബുദ്ധിയും ആസൂത്രണവും കൊണ്ടോ സൗഭാഗ്യം കൊണ്ടോ ലഭിച്ചതാണെന്ന് വിശ്വാസി പറയില്ല. അവക്കു പിന്നിലെ ഭൗതിക കാരണങ്ങളല്ല വിശ്വാസി പരതുക. ഇത് അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹമാണെന്ന തികഞ്ഞ ബോധ്യമാണ് അയാളിൽ നിറഞ്ഞുനിൽക്കുക. നന്ദി മനസ്സിൽ മാത്രം ഉണ്ടായാൽ പോരാ. അത് വാക്കിലും ഒതുങ്ങിക്കൂടാ. കർമങ്ങളിലും പ്രതിഫലിക്കേണ്ടതുണ്ട്. 'ദാവൂദ് വംശമേ, നന്ദിയുടെ മാർഗത്തിൽ പ്രവർത്തിക്കുവിൻ' (*സബഅ്* 13) എന്ന് ഖുർആൻ പറയുന്നു. ഒരു അനുഗ്രഹം ലഭിച്ചത് അല്ലാഹുവിൽനിന്നാണെന്ന ബോധം കർമത്തിൽ പ്രതിഫലിക്കുക അതിനെ അല്ലാഹു തൃപ്തിപ്പെട്ട മാർഗത്തിൽ ഉപയോഗപ്പെടുത്തുമ്പോഴാണ്. പക്ഷേ, അനുഗ്രഹങ്ങൾ തിരിച്ചറിയുകയും അവക്ക് മനസ്സാ, വാചാ, കർമണാ നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നവർ കുറവാണ്. 'എന്റെ ദാസന്മാരിൽ നന്ദി കാണിക്കുന്നവൻ തുഛം തന്നെ' (*സബഅ്* 13). നന്ദിബോധമുള്ളവർക്ക് സമാധാനപൂർണമായ ജീവിതം നയിക്കാൻ സാധിക്കും. താൻ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ തണലിലാണെന്ന ബോധ്യമുള്ളവർ താൽക്കാലിക പ്രയാസങ്ങളിൽ നിലവിട്ട് അസ്വസ്ഥരാവുകയില്ല. തുടർന്നും അല്ലാഹുവിന്റെ കൃപയിൽ അവർ പ്രതീക്ഷയർപ്പിക്കും.

ദുരന്തങ്ങളോ പ്രയാസങ്ങളോ അ

നിഷ്ടകരമായ മറ്റു സംഗതികളോ ഉണ്ടായാൽ വിശ്വാസി ക്ഷമയും സഹനവും കൈക്കൊള്ളും. അതിലൂടെയും അല്ലാഹുവിങ്കൽനിന്ന് മഹത്തായ പ്രതിഫലം ലഭിക്കും. 'തടയുക' എന്നാണ് സ്വബ്റിന്റെ മൗലികമായ അർഥങ്ങളിലൊന്ന്. എന്തു പ്രയാസവും പ്രകോപനവുമുണ്ടായാലും അല്ലാഹുവിന് ഇഷ്ടമില്ലാത്ത കാര്യങ്ങൾ ചെയ്യുന്നതിൽനിന്ന് അവനവനെ തടഞ്ഞുനിർത്തലാണ് സ്വബ്റ്. രണ്ടുതരം സന്ദർഭങ്ങളിൽ ക്ഷമയും സഹനവും ആവശ്യമായി വരും. ഒന്ന് നമുക്ക് യാതൊരു നിയന്ത്രണവും സ്വാധീനവും ഇല്ലാത്ത ദുരന്തങ്ങൾ നമുക്കുമേൽ പതിക്കുമ്പോൾ. നമുക്ക് സ്വയം നിയന്ത്രിക്കാൻ കഴിയുന്ന കാര്യങ്ങളിലുള്ള ക്ഷമയാണ് രണ്ടാമത്തേത്.

ഉറ്റവരുടെ മരണം, രോഗബാധ, ധനനഷ്ടം തുടങ്ങിയ കാര്യങ്ങൾ നമ്മുടെ നിയന്ത്രണത്തിലല്ല. അല്ലാഹുവിന്റെ തീരുമാനപ്രകാരമാണ് അവ സംഭവിക്കുന്നത്. അവന്റെ പരീക്ഷണമാണവ. ജീവിതത്തിൽ ദുഃഖങ്ങളും ദുരിതങ്ങളും പ്രയാസങ്ങളുമുണ്ടാകുമ്പോൾ ഇവ കൊണ്ടെല്ലാം ദൈവത്തിന് എന്തു കിട്ടാനാണ്, അവന് വേണമെങ്കിൽ തന്റെ സൃഷ്ടികളെ ദുരിതങ്ങളിൽനിന്ന് കാത്തുരക്ഷിക്കാൻ കഴിയില്ലേ എന്നെല്ലാം ചിലർ ചോദിക്കാറുണ്ട്. പടച്ചവനെ സംബന്ധിച്ചേടത്തോളം ഈ ചോദ്യംതന്നെ അപ്രസക്തമാണ്. ഏതെങ്കിലും സംഗതികൊണ്ട് നേട്ടമോ കോട്ടമോ ഉണ്ടാകുന്നത് സൃഷ്ടികൾക്കു മാത്രമാണ്. പടച്ചതമ്പുരാൻ അവയിൽനിന്നെല്ലാം അതീതനാണ്. ജീവിതത്തിൽ എപ്പോഴും സന്തോഷം മാത്രമോ, അല്ലെങ്കിൽ ദുഃഖം മാത്രമോ ഉണ്ടാവുക സാധ്യമല്ല. സുഖവും ദുഃഖവും മാറിമാറി വരും. അല്ലാഹുവിന്റെ നടപടിക്രമമാണത്. 'നിങ്ങളിൽ ആരാണ് ഭംഗിയായി പ്രവർത്തിക്കുന്നതെന്ന് പരീക്ഷിക്കാൻ' (*അൽമുൽക്* 2) വേണ്ടിയാണത്. സുഖത്തിലും ദുഃഖത്തിലും നന്മയുടെ മാർഗമാണോ തിന്മയുടെ മാർഗമാണോ ഓരോരുത്തരും അവലംബിക്കുന്നതെന്ന് അല്ലാഹു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ദുൻയാവിലെ സുഖവും ദുഃഖവും താൽക്കാലികമാണ്. അല്ലാഹുവിങ്കലുള്ളതിനാണ് ശാശ്വതമായ നിലനിൽപുള്ളത്. അതിനാൽ ക്ഷേമാവസരങ്ങളിൽ അല്ലാഹുവിനെ മറന്ന് ആഹ്ലാദിക്കാതെയും പ്രയാസവേളകളിൽ അല്ലാഹുവിനെ മറന്ന് ദുഃഖിക്കാതെയും യഥാക്രമം നന്ദിയുടെയും സഹനത്തിന്റെയും മാർഗമാണ് വിശ്വാസി സ്വീകരിക്കേണ്ടത്. ദുരിതങ്ങളും പ്രയാസങ്ങളുമില്ലാതെ എപ്പോഴും ആനന്ദവും ആഹ്ലാദവും നിറഞ്ഞ ജീവിതമാണെങ്കിൽ മനുഷ്യർ അല്ലാഹുവിനെ മറക്കും. അവരിൽ ഗർവും അഹങ്കാരവും നിറയും. അല്ലാഹു നൽകിയ അനുഗ്രഹങ്ങളുടെ പ്രാധാന്യവും മൂല്യവും അവർ വിസ്മരിക്കും.

നമുക്ക് നിയന്ത്രണാധികാരമുള്ളിടത്താണ് സ്വബ്റിന്റെ മറ്റൊരു മേഖല. അല്ലാഹു വിലക്കിയ കാര്യങ്ങളിൽനിന്നെല്ലാം ക്ഷമയും സഹനവുമവലംബിച്ച് വിട്ടുനിൽക്കുക. അതിനായി ആത്മനിയന്ത്രണം സ്വീകരിക്കുക. ഇതും ക്ഷമയുടെ ഒരു ഇനമാണ്.

നന്ദിയും ക്ഷമയും പരസ്പരബന്ധമുള്ളവയാണ്. നന്ദി ചെയ്യാനും ക്ഷമ ആവശ്യമാണ്. ദുരന്തങ്ങളും പ്രയാസങ്ങളുമുണ്ടാകുമ്പോൾ അവയുടെ പേരിൽ പ്രകടിപ്പിക്കുന്ന നന്ദിയാണ് ഏറ്റവും മഹത്തായത്. എപ്പോഴും സുഖസൗകര്യങ്ങളിൽ കഴിഞ്ഞുകൂടുമ്പോൾ അല്ലാഹുവിനെ മറക്കാനും ആത്മനാശത്തിന്റെ മാർഗത്തിൽ ചരിക്കാനും സാധ്യതയുണ്ട്. അതിനിടെ പ്രയാസങ്ങളുണ്ടാകുമ്പോൾ വീണ്ടുവിചാരവും അല്ലാഹുവിനെ കുറിച്ച ഓർമയുണ്ടാകും. ആ നിലക്ക് ദുരിതങ്ങളും നന്ദിയർഹിക്കുന്നു. ക്ഷമയില്ലാത്തവർക്ക് നന്ദിയുള്ളവരാകാൻ കഴിയുകയില്ല. യഥേഷ്ടം ഭക്ഷിക്കുകയും അതിന് നന്ദി കാണിക്കുകയും ചെയ്യുന്നയാൾ നോമ്പുനോറ്റ് ക്ഷമ കൈക്കൊള്ളുന്നയാളുടെ സ്ഥാനത്തു തന്നെയാണെന്ന് ഒരു ഹദീസിലുണ്ട്. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ അവൻ ഇഷ്ടപ്പെട്ട മാർഗത്തിൽ ഉപയോഗിക്കുകയും മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമം കൊണ്ടും അതിന് നന്ദി ചെയ്യലും സഹനത്തോടെയുള്ള വലിയ ത്യാഗങ്ങൾക്ക് തുല്യമാണ്. എല്ലാ സംഗതികളും അല്ലാഹുവിൽനിന്നാണെന്ന തിരിച്ചറിവാണ് സഹനത്തിന്റെ അടിസ്ഥാനം. അല്ലാഹു കരുണാവാരിധിയാണ്. വിശ്വാസികളുടെ മേൽ അവൻ പ്രത്യേകം കൃപ ചൊരിയുന്നു. അല്ലാഹു നമുക്ക് വിധിക്കുന്ന ദുരന്തങ്ങളിൽ പോലും എന്തെങ്കിലും നന്മയുണ്ടായിരിക്കും. അതിലൂടെ അവൻ നമ്മെ സംസ്കരിക്കുന്നു. നമ്മുടെ അശ്രദ്ധ ഇല്ലാതാക്കുന്നു. അല്ലാഹുവുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നു. സുഖവും ദുഃഖവും ക്ഷേമവും ക്ഷാമവുമെല്ലാം വിശ്വാസികൾക്ക് ഗുണകരമാണ്. അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുമ്പോൾ മഹത്തായ പ്രതിഫലം ലഭിക്കുന്നു. പ്രയാസങ്ങളിൽ ക്ഷമ കൈക്കൊള്ളുമ്പോഴും വലിയ പ്രതിഫലം ലഭിക്കുന്നു. മക്കൾ ചെറുപ്രായത്തിൽ മരിക്കുമ്പോൾ, അപകടങ്ങൾ പറ്റി അംഗഭംഗം സംഭവിക്കുമ്പോൾ, മറ്റെന്തെങ്കിലും നാശനഷ്ടങ്ങളുണ്ടാകുമ്പോൾ ക്ഷമിക്കുകയാണെങ്കിൽ ഉയർന്ന പ്രതിഫലം ലഭിക്കും. പാപങ്ങൾ പൊറുക്കപ്പെടും. മുള്ളു തറച്ചാൽ പോലും വിശ്വാസിക്ക് പാപമോചനവും പ്രതിഫലവുമുണ്ട്.

നാം ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടത് അല്ലാഹുവിനെയാണ്. ഈമാന്റെ അടയാളമാണത്. 'സത്യവിശ്വാസികൾ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് അല്ലാഹുവിനെയാണ്' (*അൽബഖറ* 165). അല്ലാഹുവിനെ അതിരറ്റ് സ്നേഹിക്കുന്നവർ അവനിൽനിന്ന് വല്ല അനുഗ്രഹവും ലഭിക്കുമ്പോൾ നന്ദി പ്രകടിപ്പിക്കുന്നു. അവൻ ദുരിതങ്ങൾ നൽകുമ്പോൾ ക്ഷമയവലംബിക്കുന്നു. ജീവിതമെന്നാൽ ഇതുതന്നെയാണ്!

(*ജന്നത്ത് കാ സഫറി*ൽനിന്ന് സംഗ്രഹ വിവർത്തനം)